പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3311 | 16.12. 2015-ൽ മറുപടിക്ക്

## സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സുസ്ഥിര നഗരവികസന പദ്ധതികൾ നടപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ് - സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) കെ.എസ്.യു.ഡി.പി-യിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും, പ്രോജക്ട് ഇംപ്ലമെന്റേഷൻ യൂണിറ്റ് തലത്തിലും, നഗരസഭാ തലത്തിലും, പ്രോജക്ട് ഡയറക്ടർ തലത്തിലും, ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കിവരുന്നു. |

Manyel

സെക്ഷൻ ഓഫീസർ